**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1129** **06-10-2021 - ൽ മറുപടിയ്ക്ക്**

**സിനിമ തീയേറ്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് സംസ്ഥാനത്തെ സിനിമ തീയേറ്ററുകൾ അടഞ്ഞു കിടക്കുന്നതിനാൽ പ്രതിസന്ധിയിലായ തീയേറ്റർ ഉടമകളെയും തൊഴിലാളികളെയും സഹായിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | കോവിഡിനെ തുടർന്ന് സംസ്ഥാന സർക്കാർ തീയേറ്റർ ഉടമകളെ സഹായിക്കുവാനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ഫിക്സഡ് ചാർജ്ജ് പകുതിയാക്കുകയും, വൈദ്യുതി ബില്ലുകൾ ഘട്ടം ഘട്ടമായി ഒടുക്കുവാനുള്ള അനുമതിയും 28.01.2021-ലെ സ.ഉ.(സാധാ) നം.14/2021/ഊ.വ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 22.06.2021-ലെ സ.ഉ.(സാധാ) നം.1195/2021/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 2021 മാർച്ച് 31 വരെയുള്ള വിനോദ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരി വരെ അംഗത്വത്തിന് അപേക്ഷ നൽകിയവരെ ഉൾപ്പെടെ പരിഗണിച്ച്, ധനസഹായത്തിന് അപേക്ഷ നൽകിയവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. നിലവിൽ ഏപ്രിൽ 2021 വരെ അംഗത്വത്തിന് അപേക്ഷ നൽകിയവർക്ക് അപേക്ഷിക്കുന്ന മുറയ്ക്ക് 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ